പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 271 — 12.10.2011 ൽ മറുപടിയ്ക്ക്

## സഹകരണ ബാങ്കുകൾ നേരിടുന്ന പ്രതിസന്ധികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീമതി. ജമീലാ പ്രകാശം<br>ശ്രീ. മാത്യു റ്റി. തോമസ്<br>ശ്രീ. സി. കെ. നാണു. | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകൾ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) വ്യക്തമാക്കാം.<br>1. ഫണ്ട് മാനേജ്മെന്റിലെ അപര്യാപ്തത<br>2. പ്രത്യക്ഷ നികുതി ബിൽ 2010 ലെ നിർദ്ദേശം<br>3.1994 ലെ ഫിനാൻസ് ആക്ട് ഭേദഗതി നിർദ്ദേശ പ്രകാരം സേവന നികുതി ബാധകമാക്കിയത്<br>4. സംസ്ഥാനത്ത് കാർഷിക വായ്പാ വിതരണത്തിന് മതിയായ തോതിൽ നബാർഡ് പുനർവായ്പ ലഭ്യമാകാത്ത സാഹചര്യം<br>5. കേന്ദ്ര സർക്കാർ പ്രഖ്യാപിക്കുന്ന പദ്ധതികളിലും ഇളവുകളിലും സഹകരണ ബാങ്കുകളെ ഒഴിവാക്കുന്ന സാഹചര്യം<br>6. പ്രാഥമിക സഹകരണ ബാങ്കുകൾക്ക് ആദായ നികുതി വകുപ്പ് നൽകുന്ന നോട്ടീസ്, ഇടപെടൽ ഇടങ്ങിയ സാഹചര്യം. |

7. പ്രാഥമിക സഹകരണ സംഘങ്ങളുടേയും, ബാങ്കുകളുടേയും ഏറ്റെടുത്ത് നടപ്പാക്കുമ്പോൾ സഹകരണ ബാങ്കുകൾക്കുണ്ടാകുന്ന ബാധ്യത.

9. നിഷ്ക്രിയ ആസ്തിയിലെ വർദ്ധനവും, വായ്പ തിരിച്ചടയ്ക്കേണ്ടതില്ലെന്ന ക്യാമ്പയിനും,

10. വർദ്ധിച്ചുവരുന്ന എസ്റ്റാബ്ലിഷ്മെന്റ് ചെലവ്

11. സ്വകാര്യ – വാണിജ്യ ബാങ്കുകൾ ഉയർത്തുന്ന വെല്ലുവിളിയും സഹകരണ മേഖലയിൽ പ്രൊഫഷണൽ- വത്കരണത്തിലുള്ള പോരായ്മകളും.

12. കേന്ദ്ര പാക്കേജ് നടപ്പാക്കാൻ കഴിയാത്ത സാഹചര്യം

13. ബാങ്കിംഗ് നിയമ (ഭേദഗതി) ബിൽ 2011 ലെ നിർദ്ദേശം

(സി) പ്രസ്തുത പ്രതിസന്ധി നേരിടാൻ എന്തു നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(സി) സഹകരണ പ്രസ്ഥാനത്തിന്റെ ആവശ്യകതയും, നിലനിൽപ്പും, വളർച്ചയും ലക്ഷ്യമാക്കി എല്ലാ വിഭാഗങ്ങളുടെയും കൂട്ടായ ശ്രമവും ഇടപെടലും കൊണ്ടു മാത്രമേ സഹകരണ മേഖല ഇന്നു നേരിടുന്ന പ്രതിസന്ധികൾ തരണം ചെയ്യാൻ കഴിയുകയുള്ളൂ. കേന്ദ്രസർക്കാരിന്റെ നിയമ ഭേദഗതിയിലൂടെ ഉണ്ടായിട്ടുള്ള പ്രതിസന്ധികൾ മറികടക്കുന്നതിനും, സഹകരണ മേഖല അനുഭവിച്ചു കൊണ്ടിരുന്ന ഇളവ് ആനുകൂല്യങ്ങൾ പുന:സ്ഥാപിച്ച് കിട്ടുന്നതിനും, സർക്കാർ തലത്തിൽ നടപടി

സ്വീകരിക്കാവുന്നതാണ്. പാർലമെന്റിൽ ചർച്ചയ്ക്ക് വിധേയമാക്കുന്നതിനും, കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിനുമായി ഈ വിഷയങ്ങൾ സംസ്ഥാനത്തുനിന്നുള്ള എം.പി. മാരുടെ കോൺഫറൻസിൽ ചർച്ച ചെയ്യുന്നതിന് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിൽ നിന്നുള്ള എല്ലാ കേന്ദ്രമന്ത്രിമാർക്കും, എം.പി.മാർക്കും വിശദമായ കത്തുകളും അയച്ചിട്ടുണ്ട്. ബാങ്കുകളുടെ കടിശ്ശിക/കിട്ടാക്കടം പിരിച്ചെടുക്കുന്നതിനുവേണ്ടി പ്രത്യേക കടിശ്ശിക നിവാരണ പദ്ധതി നടപ്പാക്കി വരുന്നു. കമ്പ്യൂട്ടർ വത്കരണം ത്വരിത പ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. നിയമ ഭേദഗതി ഉൾപ്പെടെയുള്ള നടപടികളിലൂടെ പ്രൊഫഷണലിസം മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്

സെക്ഷൻ ഓഫീസർ